പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1972 | 01/02/2018 ൽ മറുപടിക്ക് |
|---|---|

**കായൽ കയേറ്റം സംബന്ധിച്ച വിജിലൻസ് അന്വേഷണം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എൽദോസ് പി. കന്നപ്പിള്ളിൽ | | പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | ശ്രീ. തോമസ് ചാണ്ടി എം.എൽ.എ കായൽ കൈയേറിയതും വയൽ നികത്തിയതും സംബന്ധിച്ച വിജിലൻസ് അന്വേഷണത്തിലെ പ്രധാന കണ്ടെത്തലുകൾ എന്തായിരുന്നു; അദ്ദേഹത്തിനെതിരെ കേസ് എടുക്കുവാൻ വിജിലൻസ് ശിപാർശ ചെയ്തിരുന്നോ; | (എ) | പ്രാഥമികാന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ കോടതി നിർദേശിച്ചതനുസരിച്ച് വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ പ്രാഥമിക അന്വേഷണം നടത്തി റിപ്പോർട്ട് കോടതിയിൽ സമർപ്പിക്കുകയും, പ്രസ്തുത റിപ്പോർട്ടിലെ കണ്ടെത്തലുകളുടെയും ശുപാർശയുടെയും അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്യുന്നതിന് ബഹു. കോടതി ഉത്തരവിറക്കുകയും ചെയ്തു. തിരുവനന്തപുരം സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് -1 ൽ ടി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചിട്ടുള്ളതാകുന്നു. |
| (ബി) | പ്രസ്തുത അന്വേഷണ സംഘത്തെ മാറ്റി പുതിയ അന്വേഷണ സംഘത്തെ നിയോഗിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ എന്താണ്; | (ബി) | സി.എം.പി 2439/17 ൽ കോടതി FIR രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി റിപ്പോർട്ട് 19/04/2018 ന മുൻപ് ബഹു എൻക്വയറി കമ്മീഷണർ ആൻഡ് സ്പെഷ്യൽ ജഡ്ജ് കോട്ടയം മുൻപാകെ ഹാജരാക്കണമെന്ന് വാക്കാൽ നിർദേശിക്കുകയും ചെയ്തു പശ്ചാത്തലത്തിൽ മാനവശേഷി കൂടുതലുള്ളതും രാഷ്ട്രീയ സ്വഭാവമുള്ള കേസുകൾ ഉൾപ്പെടെ സുപ്രധാന കേസുകൾ (Sensitive cases ) അന്വേഷിക്കുന്നതിനായി പ്രത്യേകം രൂപീകരിച്ചിട്ടുള്ളതും സംസ്ഥാനതലത്തിൽ അധികാര പരിധിയുള്ളതുമായ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് -1 ഓഫീസിനെ പ്രസ്തുത കേസിന്റെ അന്വേഷണം ഏൽപ്പിച്ചിട്ടുണ്ട്. |
| (സി) | നേരത്തെ കേസ് അന്വേഷിച്ച അന്വേഷണ സംഘത്തിലെ ഏതെങ്കിലും ഉദ്യോഗസ്ഥൻ പുതിയ സംഘത്തിൽ ഉണ്ടോ; | (സി) | പ്രാഥമികാന്വേഷണം നടത്തിയ അന്വേഷണസംഘത്തിലെ ഉദ്യോഗസ്ഥരാരും പുതിയ സംഘത്തിലില്ല. |
| (ഡി) | എത്ര മാസത്തിനുള്ളിൽ അന്വേഷണം പൂർത്തിയാക്കണമെന്നാണ് കോടതി നിർദ്ദേശിച്ചിട്ടുള്ളത്; വിശദമാക്കുമോ? | (ഡി) | 19/04/2018 തീയതിയിൽ അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുവാൻ കോടതി നിർദ്ദേശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ